ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!






പുസ്തകം : 3 ലക്കം 4

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ഭാദ്രപദം – ആശ്വിനം
1191 കന്നി – തുലാം 2015 ഒക്ടോബർ

വാർഷിക വരിസംഖ്യ: ₹60/- ദീർഘകാലം: ₹1000/-

## ശ്യാംജി കൃഷ്ണവർമ്മ (1857 – 1930)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

- ഒക്ടോബർ 2 – ഗാന്ധി ജയന്തി
- ഒക്ടോബർ 4 – ശ്യാംജി കൃഷ്ണവർമ്മ ജന്മദിനം
- ഒക്ടോബർ 13 – ഭഗിനി നിവേദിത നിർവ്വാണദിനം
- ഒക്ടോബർ 23 – വിജയദശമി

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



***മണ്ഡലം 1 സൂക്തം 5***

***മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ വിരാഡ് ഗായത്രീച്ഛന്ദഃ ഷഡ്ജഃ സ്വരഃ***

**ആ ത്വേതാ നിഷീദതേന്ദ്രമഭി പ്രഗായത |**

**സഖായഃ സ്തോമവാഹസഃ ||**

*(ഋഗ്വേദം 1.5.1)*

**പദാർത്ഥം:** ഹേ (സ്തോമവാഹസഃ) പ്രശംസനീയനായ ഗുണയുക്തനും പ്രശംസ ചെയ്യപ്പെടുന്നവനും (സഖായ) എല്ലാവരുമായി മിത്രഭാവേന വർത്തിക്കുന്നവനുമായ പണ്ഡിതൻമാരെ! നിങ്ങളും നമ്മളും ഒത്തു ചേർന്ന് പരസ്പരപ്രീതിയോടൊപ്പം മുക്തിയും ശിൽപ്പവിദ്യയും സിദ്ധിക്കുന്നതിന് (ആനിഷീദത) സ്ഥിതി ചെയ്യുന്നവനും അർത്ഥാത് അതിനായി നിരന്തരം നല്ലവണ്ണം യത്നത്തോടുകൂടിയ സാധന ചെയ്യുന്നതിനായി (ഇന്ദ്രമ്) പരമേശ്വരൻ അഥവാ വിദ്യുച്ഛക്തിയുമായി ബന്ധപ്പെട്ട വായുവിനേ 'ഇന്ദ്രേണ വായുനാ' എന്ന ഋഗ്വേദപ്രമാണത്താൽ ശിൽപ്പവിദ്യയും പ്രാണികളുടെ ജീവനഹേതുവുമായി ഇന്ദ്രശബ്ദത്തെ സ്പർശഗുണയുക്തമായ വായു എന്ന് ഗ്രഹിക്കുന്നു. (അഭിപ്രഗായത) അതായത് അവയുടെ ഗുണങ്ങളുടെ ഉപദേശം നൽകിയും കേട്ടറിഞ്ഞും അവയെ നല്ലവണ്ണം സിദ്ധിക്കാനുതകുന്ന വിദ്യ എല്ലാവർക്കും പ്രകടമായിതീരട്ടെ (തു) അങ്ങിനെ നിങ്ങൾ എല്ലാവരും എല്ലാ സുഖങ്ങളേയും (ഏത) പ്രാപിക്കുമാറാകട്ടെ.

**ഭാവാർത്ഥം:-** മനുഷ്യർ എപ്പോഴാണൊ ദുഃശ്ശാഠ്യം, കപടത, അഹങ്കാരം എന്നിവ വെടിഞ്ഞ് സത്യപ്രീതിയോടെ പരസ്പരം മിത്രഭാവം പൂണ്ട് പരോപകാരം ചെയ്യുന്നതിനായി തന-മന-ധനാദികളാൽ യത്നിക്കുന്നത് അതുവരെ സുഖം, വിദ്യ തുടങ്ങിയ ഉത്തമഗുണങ്ങളുടെ ഉന്നതി ഒരിക്കലും ഉണ്ടാവുകയില്ല.

***(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്***
***തർജ്ജമ : കെ.എം. രാജൻ)***

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 3 ലക്കം 4

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ഭാദ്രപദം - ആശ്വിനം

1191 കന്നി - തുലാം 2015 ഒക്ടോബർ



**രക്ഷാധികാരി**

സ്വാമി പ്രണവാനന്ദ സരസ്വതി

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| ശത്രുവോ? മിത്രമോ? | : | 8 |
| സംശയനിവാരിണി | : | 10 |
| ഉപദേശ മഞ്ജരി | : | 11 |
| ജീവിതം ഒരലയാഴി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| സ്വാമി ശ്രദ്ധാനന്ദൻ | : | 14 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

### ഇദം ന മമ



**അ**സഹിഷ്ണുതാ മനോഭാവമാണ് ഇന്ന് ലോകം നേരിടുന്ന ഭീഷണികളിൽ പ്രധാനമായ ഒന്ന്. മതമുള്ളവരും ഇല്ലാത്തവരും രാഷ്ട്രീയ പ്രസ്ഥാനങ്ങളും സാമുദായിക സംഘടനകളുമെല്ലാം ഇക്കൂട്ടത്തിലുണ്ട്. ചേകന്നൂർ മൗലവി, ഗോവിന്ദ് പൻസാരെ, കൽബുർഗി തുടങ്ങിയവരെല്ലാം ഈ അസഹിഷ്ണുതാ ഭാവത്തിനിരയായവരാണ്. സൽമാൻ റുഷ്ദി, തസ്ലീമാ നസ്റിൻ ഏറ്റവുമൊടുവിൽ സംഗീത സംവിധായകനായ ഏ.ആർ റഹ്മാൻ വരെയുള്ളവരും ഈ ഭീഷണിയിലാണ് കഴിയുന്നത്. കമ്യൂണിസ്റ്റ് നാടുകളിലെ അവസ്ഥ ഇതിലും ഭീതികരമാണ്. കനത്ത ഇരുമ്പുമറയിൽ അവിടെ നടക്കുന്ന പീഡനങ്ങൾ പുറം ലോകമറിയുന്നില്ല. ഐ.എസ് പോലുള്ള ഇസ്ലാമിക തീവ്രവാദിസംഘടനകൾ പരസ്യമായി

*അഗ്നിനാഗ്നിഃ സമിധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

അവിശ്വസികളെന്നു പറയുന്നവരുടെ കഴുത്തറുത്ത് വധശിക്ഷ നടപ്പാക്കുന്നത് നവമാധ്യമങ്ങളിലെ സ്ഥിരം വാർത്തയാണ്. ഭാരതത്തിൽ സഹിഷ്ണുതാബോധം കുറഞ്ഞുവരാൻ തുടങ്ങിയത് വേദധർമ്മപ്രചാരം ലുപ്തമായതോടെയാണ്. വിദേശ ആക്രമണങ്ങളും അധിനിവേശങ്ങളും ഇതിന് ആക്കം കൂട്ടി. സുൽത്താൻമാരുടേയും മുഗളൻമാരുടേയും ഭരണകാലത്ത് നടന്ന അസഹിഷ്ണതാ പ്രവർത്തനങ്ങൾക്ക് കയ്യും കണക്കുമില്ല. ഗുരുതേജ് ബഹാദൂർ, വീർ ഹക്കീകത്ത് റായ്, ഗുരുഗോവിന്ദ്സിംഹന്റെ മക്കൾ തുടങ്ങിയവരുടെ രക്തസാക്ഷിത്വം അവിസ്മരണീയമാണ്.

സാമൂഹ്യ നവോത്ഥാന പ്രസ്ഥാനമായ ആര്യസമാജത്തിന്റെ അനേകം പ്രചാരകന്മാർ ഈ അസഹിഷ്ണുതക്ക് ഇരയായിട്ടുണ്ട്. ആര്യസമാജം അനാചാരങ്ങളേയും വിമർശനങ്ങളേയും വേദവിരുദ്ധാചരണങ്ങളേയും ആരോഗ്യകരമായ സംവാദത്തിലുടെയാണ് നേരിട്ടത്. ഹിന്ദുമത്തിന്റെ കോട്ടയായ കാശിയിൽ പോയി വിഗ്രഹാരാധനയേയും ഭാഗവതപുരാണത്തേയും മഹർഷി ദയാനന്ദൻ ഖണ്ഡിച്ചത് ഏകനായിട്ടായിരുന്നു. ഡൽഹിയിലെ ജുമാമസ്ജിദിൽ പോയി വേദമന്ത്രം മുഴുക്കി ജനങ്ങളെ അഭിവാദ്യം ചെയ്ത ഒരേ ഒരു ഹിന്ദുസന്യാസി സ്വാമി ശ്രദ്ധാനന്ദനാണ്. മൗലവിമാരും പാതിരിമാരുമായി ശാസ്ത്രാർത്ഥം നടത്തി അവരെ കൂട്ടത്തോടെ വൈദികധർമ്മത്തിലേക്കാകർഷിക്കാൻ പണ്ഡിറ്റ് ലേഖ്റാമിനു കഴിഞ്ഞതും ആശയസംവാദം വഴിയായിരുന്നു. ഇവരെല്ലാം മതവെറിയന്മാരുടെ കൊലക്കത്തിക്കിരയായി എന്നുള്ളതും വാസ്തവമാണ്. ഈ അസഹിഷ്ണുതാമനോഭാവത്തെ ഇല്ലായ്മ ചെയ്യാൻ വേദപ്രചാരണത്തിലൂടെ മാത്രമേ കഴിയുകയുള്ളു. ഇദം ന മമ എന്ന ഭാവന വൈദിക യജ്ഞസംസ്കാരത്തിലൂടെ കുരുക്ഷേത്രയുദ്ധകാലംവരെ ഇവിടെ പ്രബലമായിരുന്നു. അതിനാലാണ് ചാർവാകൻമാർക്കും ബുദ്ധ-ജൈന നാസ്തികദർശനങ്ങൾക്കും ഇവിടെ സഹവർത്തിത്വത്തോടെ കഴിയാൻ സാധിച്ചത്. ശങ്കാരാചാര്യസ്വാമികൾ ശാസ്ത്രാർത്ഥത്തിലൂടെയാണ് വൈദികസിദ്ധാന്തങ്ങൾ സ്ഥാപിച്ചെടുത്തത് എന്നും ഓർക്കണം. സംഘട്ടനങ്ങളുടെ പാതയിൽ നിന്ന് ആശയ സംവാദങ്ങളുടെ പാതയിലേക്ക് മാറുകയാണ് ഈ അസഹിഷ്ണുതാമനോഭാവത്തിന് പരിഹാരം. അതിന് സർവ്വേശ്വരൻ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

പത്രാധിപർ

***തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)***

***ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു***



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

**(ദ്യൗഃ ശാന്തി)** അല്ലയോ സർവ്വശക്തിമാനായ ഭഗവാനെ! അങ്ങയുടെ ഭക്തിയാലും കൃപയാലും സൂര്യാദിഗോളങ്ങളുടെ ലോകമായ പ്രകാശവും വിജ്ഞാനവുമായ ദ്യൗ ഞങ്ങൾക്ക് എപ്പോഴും സുഖദായകമാവട്ടെ. അതേപോലെ ആകാശത്തും പൃഥിവിയിലും ജലഔഷധി സസ്യജാലവും ലോകത്തിലെ എല്ലാ പണ്ഡിതൻമാരും വേദവും സർവ്വപദാർത്ഥവും ഇവയിൽ നിന്ന് ഭിന്നമായ ഏതെല്ലാം ജഗത്തുണ്ടോ അവയെല്ലാം ഞങ്ങൾക്ക് എല്ലാ കാലത്തും സുഖം നൽകുന്നതും അനുകൂലവുമായിരിക്കട്ടെ. അങ്ങനെ ഈ വേദഭാഷ്യത്തിന്റെ സുഖപൂർവ്വമായ പൂർത്തീകരണത്തിന് സാധിക്കുമാറാകട്ടെ. അല്ലയോ ഭഗവാൻ! ഈ സർവ്വവിധശാന്തികളാലും ഞങ്ങൾക്ക് വിദ്യ, ബുദ്ധി, വിജ്ഞാനം, ആരോഗ്യം, ഉത്തമസഹായങ്ങൾ എന്നിവ കൃപ ചൊരിഞ്ഞ് നൽകി ഞങ്ങളിലും എല്ലാ ലോകങ്ങളിലും ഉത്തമഗുണങ്ങളും സുഖങ്ങളും ദാനം നൽകി വർദ്ധിപ്പിച്ചാലും (6).

**(യതോയതഃ)** ഹേ പരമേശ്വര! അങ്ങ് ഏതു ദേശത്ത്നിന്ന് ഈ ജഗത്തിനെ രചിക്കാനും പാലിക്കാനും ചേഷ്ടകൾ ചെയ്യുന്നുവോ ആ ദേശത്തെ ഭയരഹിതമാക്കിയാലും. അതായത് ഒരു ദേശത്ത് നിന്നും ഞങ്ങൾക്ക് അൽപ്പം പോലും ഭയമുണ്ടാവിതിരിക്കട്ടെ. (ശന്ന കുരു) അതേപോലെ എല്ലാദിശകളിലുമുള്ള അങ്ങയുടെ പ്രജകളേയും പശുക്കളേയും ഭയരഹിതരാക്കിയാലും ഞങ്ങളേയും അവരിൽനിന്ന് ഭയരഹിതമാക്കിയാലും. അങ്ങിനെ ഞങ്ങളിൽനിന്ന് അവർക്ക് സുഖവും നമ്മളിൽ നിന്ന് യാതൊരു ഭയവും അവർക്ക് ഉണ്ടാവാതിരിക്കുകയും ചെയ്യട്ടെ. അങ്ങയുടെ പ്രജകളായ മനുഷ്യരും മൃഗങ്ങളും ധർമ്മാർത്ഥകാമമോക്ഷങ്ങൾ അങ്ങയുടെ അനുഗ്രഹത്താൽ വളരെ വേഗത്തിൽ പ്രാപിക്കുമാറാകട്ടെ. അങ്ങിനെ മനുഷ്യജന്മത്തിലെ ധർമ്മാദി ഫലങ്ങളെ സുഖത്തോടുകൂടി സിദ്ധിക്കുമാറാകാട്ടെ (7).

**(യസ്മിൻ ഋചഃ)** അല്ലയോ കൃപാനിധിയായ ഭഗവാൻ (ഋചഃ) ഋഗ്വേദം, (സാമ) സാമവേദം, (യജുംഷി) യജുർവ്വേദം എന്നിവയും ഈ മൂന്നെണ്ണത്തിൽ

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

അന്തർഗതമായ കാരണത്താൽ അഥർവ്വവേദവും ആരിൽസ്ഥിതമായിരിക്കുന്നുവോ അതായത് ആരിലാണോ മോക്ഷവിദ്യ അഥവാ ബ്രഹ്മവിദ്യയും സത്യാസത്യങ്ങളുടെ പ്രകാശവും ഉള്ളത് (യസ്മിംശ്ചിത്തം) ആരിലാണോ സർവ്വപ്രജകളുടേയും ചിത്തം സ്മരിക്കുന്നതിനായി നൂലിൽ കോർത്ത മണികൾപോലെ വർത്തിക്കുന്നത് അപ്രകാരമുള്ള അങ്ങയിൽ എങ്ങനെയാണോ രഥത്തിന്റെ ആരക്കാലുകൾ അതിന്റെ കേന്ദ്രങ്ങളിൽ നിന്ന് ചുറ്റും പോയി രഥചക്രത്തെ ഉറപ്പിച്ചുനിർത്തുന്നത്, അതുപോലെ എന്റെ മനസ്സ് അങ്ങയുടെ കൃപയാൽ ശുദ്ധമായി കല്യാണമയമായ മോക്ഷത്തിനും സത്യധർമ്മാനുഷ്ഠാനങ്ങളിലും ഉറച്ച് അസത്യത്തെ പരിത്യജിച്ച് മംഗളാഭിലാഷത്തോടെ അങ്ങയുടെ വേദങ്ങളുടെ സത്യാർത്ഥത്തെ യഥാവിധി പ്രകാശിപ്പിക്കുന്നതായി തീരട്ടെ.

അല്ലയോ സർവ്വവിദ്യാമയനും സർവ്വജ്ഞാനിയുമായ ജഗദീശ്വര! ഞങ്ങളിൽ കൃപചൊരിഞ്ഞാലും. അങ്ങിനെ ഞങ്ങൾക്ക് വിഘ്നങ്ങൾ സദാ തരണം ചെയ്ത് സത്യാർത്ഥസഹിതം വേദഭാഷ്യത്തെ സമ്പൂർണ്ണമാക്കി ചെയ്യാൻ കഴിവുണ്ടാവട്ടെ. അങ്ങിനെ അങ്ങയാൽ ഉണ്ടാക്കപ്പെട്ട വേദങ്ങളുടെ സത്യ അർത്ഥങ്ങളെ വിശദമായി വിസ്തരിക്കാൻ കഴിയുമാറാകണം. ഈ വേദഭാഷ്യത്തെ കണ്ട് വേദാനുസാരം സത്യാനുഷ്ഠാനം നടത്തി ഞങ്ങൾ ശ്രേഷ്ഠഗുണയുക്തരായിതീരട്ടെ. അതിനായി ഞങ്ങൾ പ്രേമപൂർവ്വം അങ്ങയോട് സദാ പ്രാർത്ഥിക്കുന്നു. കൃപചെയ്ത് അങ്ങത് ശീഘ്രം കേട്ടാലും. അങ്ങിനെ എല്ലാവർക്കും ഉപകാരപ്രദമായ ഈ വേദഭാഷ്യത്തിന്റെ അനുഷ്ഠാനം യഥാവിധി സിദ്ധിക്കുമാറാകട്ടെ.

ഇതി പ്രാർത്ഥനാവിഷയഃ

(തുടരും)


## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504.**


*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

*തർജ്ജമ: നചികേതസ്*

77. **ജീവന്റെ സ്വരൂപം:-** ചേതനവും അൽപ്പജ്ഞത, ഇച്ഛ, ദ്വേഷം, പ്രയത്നം സുഖം, ദുഃഖം, ജ്ഞാനഗുണം, നിത്യത എന്നീ ഗുണങ്ങളോടുകൂടിയതുമാണ് ജീവൻ. പരമാത്മാവിനെ പോലെ ജീവനും നിത്യനാണ്, ചേതനവസ്തുവാണ്. എന്നാൽ ജീവാത്മാവ് അൽപ്പജ്ഞനും പരമാത്മാവ് സർവ്വജ്ഞനുമാണ്. ബ്രഹ്മവും ജീവാത്മാവും ഒന്നാണെന്ന വേദാന്തികളുടെ വാദത്തെ ഖണ്ഡിക്കുന്നതാണിത്. സർവ്വജ്ഞനായ ബ്രഹ്മത്തോടൊപ്പം അവിദ്യ ഒരിക്കലും കൂടി ചേരുകയില്ല എന്നതിലാണ് അദ്വൈതികളുടെ വാദം മിഥ്യയായിതീരുന്നത്. ബ്രഹ്മം ഒന്നേയുള്ളു. എന്നാൽ ജീവാത്മാക്കൾ നിരവധിയാണ്. മനുഷ്യരിലും പശു, പക്ഷി, കൃമി, കീടങ്ങളിലുമായി അനേകം ജീവാത്മാക്കൾ വസിക്കുന്നു. തന്റെ കർമ്മാനുസാരം ശരീരം ലഭിക്കുന്നുവെന്നുമാത്രം.

78. **സ്വഭാവം:-** ഒരു വസ്തുവിന്റെ സ്വാഭാവികഗുണം അതായത് അഗ്നിയുടെ രൂപം, ദഹിപ്പിക്കാനുള്ള കഴിവ് എന്നിവ അതുള്ളിടത്തോളം കാലം വിട്ടുമാറുന്നില്ല. അതിനാലിതിനെ സ്വഭാവമെന്നു പറയുന്നു.

79. **പ്രളയം:-** കാര്യജഗത്തിന്റെ കാരണരൂപമായിവർത്തിക്കുന്ന അതായത് ജഗത്തിനെ സൃഷ്ടിക്കുന്ന ഈശ്വരൻ ഏതേതു കാരണങ്ങളാൽ സൃഷ്ടി നടത്തുന്നുവോ അതിനെ പരിപാലിച്ചശേഷം വീണ്ടും കാരണരൂപത്തിൽ ലയിപ്പിക്കുന്നതിനെ പ്രളയമെന്നുപറയുന്നു. അതായത് ഈ സമസ്ത സൃഷ്ടിയും നഷ്ടമായി വീണ്ടും തന്റെ കാരണരൂപമായ സത്വ-രജ-തമ ഗുണമാർന്ന പ്രകൃതിയിൽ വിലീനമാകുന്നതിനെ പ്രളയമെന്നു പറയും.

80. **മായാവി:-** വഞ്ചന, കപടത, സ്വാർത്ഥത, എന്നിവയിൽ പ്രസന്നതയും ഡംഭ്, അഹങ്കാരം, ശാഠ്യം തുടങ്ങിയ ദോഷങ്ങളുമുള്ളവയെ മായ എന്നു പറയുന്നു. ഇതുള്ള മനുഷ്യനെ മായാവി എന്നു പറയും.

81. **ആപ്തൻ:-** വഞ്ചന തുടങ്ങിയ ദോഷരഹിതനും ധർമ്മാത്മാവും സത്യോപദേഷ്ടാവും എല്ലാവരോടും കൃപാദൃഷ്ടിയുള്ളവനും അവിദ്യാന്ധകാരത്തെ നശിപ്പിച്ച് അജ്ഞാനികളുടെ ആത്മാക്കളിൽ വിദ്യാരൂപിയായ സൂര്യനെ പ്രകാശിപ്പിക്കാൻ കഴിവുള്ളവനുമായ മനുഷ്യനെ ആപ്തനെന്നു പറയും.

*(തുടരും)*

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കു*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ശത്രുവോ? മിത്രമോ?

ഋഷ്യശൃംഗൻ

## മദ്യം – ചെകുത്താന്റെ പാനീയം

ആൽക്കഹോൾ പാനീയം അഥവാ മദ്യം ചെകുത്താന്റെ (എല്ലാ തിന്മകളുടേയും) അടയാളമാണ്. മദ്യത്തിൽ അടങ്ങിയിട്ടുള്ള അണുക്കൾ ഒരിക്കൽ ശരീരത്തിൽ പ്രവേശിച്ചാൽ അത് ദേഹത്തിന്റേയും മനസ്സിന്റേയും നിയന്ത്രണം പിടിച്ചെടുക്കുന്നു. മദ്യത്തിന്റെ ആദ്യ സ്വാധീനം തലച്ചോറിലാണ്. വയർ കാലിയാണെങ്കിൽ മദ്യം കഴിക്കുന്നയാളിന്റെ രക്തക്കുഴലിലേക്കാണ് നേരെ പോകുന്നത്. അവിടെ നിന്ന് ശരീരത്തിന്റെ സർവ്വഭാഗത്തേക്കും വ്യാപിക്കുന്നു. മദ്യപാനിക്ക് സംസാരത്തിന്റേയും കൈകാലുകളുടേയും നാവിന്റേയും കാഴ്ചയുടേയും മനസ്സിന്റേയും നിയന്ത്രണം കൈവിട്ട് പോകുന്നു. അമിത മദ്യപാനം തലച്ചോർ ക്ഷതത്തിലേക്കും മരണത്തിനുപോലും കാണമായേക്കാം. ആൽക്കഹോൾ സാവധാനം നശിപ്പിക്കുന്ന വിഷമാണ്. മദ്യപാനം വ്യക്തിയുടെ ശാരീരികാരോഗ്യത്തേയും മാനസികാരോഗ്യത്തേയും നശിപ്പിക്കും. ബലാൽസംഗം, മോഷണം, പിടിച്ചുപറി, കൊലപാതകം തുടങ്ങിയ ക്രിമിനൽ കുറ്റകൃത്യങ്ങളിലേക്കും മദ്യം കൊണ്ടെത്തിക്കുന്നു. ആൽക്കഹോൾ ഒരു തരത്തിലുമുള്ള ഭക്ഷ്യവസ്തുവല്ല. അത് അകത്ത് ചെന്നാൽ ശരീരം അതിനെ വിയർപ്പിലൂടെയും മൂത്രത്തിലുടെയും മറ്റും എത്രയും വേഗം പുറംതള്ളാനാണ് ശ്രമിക്കുക. എല്ലാ ധർമ്മശാസ്ത്രഗ്രന്ഥങ്ങളും ആരോഗ്യശാസ്ത്രഗ്രന്ഥങ്ങളും മദ്യപാനത്തിനെതിരാണ്. മഹാഭാരതം ആദിപൂർവ്വം പറയുന്നു. "ഒരു മദ്യപാനിക്ക് സമൂഹത്തിന്റെ ബഹുമാനം ലഭിക്കുന്നില്ല. അയാൾക്ക് ക്ഷമിക്കാനുള്ള കഴിവും സാമാന്യ അവബോധം പോലും നഷ്ടമാവന്നു." ഹേ മനുഷ്യാ! ദീർഘായുഷ്മാനായിരിക്കൂ. മരണത്തേപറ്റി ചിന്തിക്കാതിരിക്കൂ. ഊർജ്ജ്വസ്വലവും കർമ്മോൻമുഖവും പ്രകാശപൂരിതവും ആയ ഒരു ജീവിതം നയിക്കൂ. സ്വന്തം ജീവനെ ഹനിക്കരുത് (നശിപ്പിക്കരുത്) (അഥർവ്വവേദം 19.27.8).

ചൂതാട്ടത്തിൽ ഏർപ്പെടരുത്. പാടത്ത് പോയി കൃഷി ചെയ്യൂ (കഠിനാധ്വാനം ചെയ്യൂ). അദ്ധ്വാനഫലമായി എന്തു ലഭിക്കുന്നുവോ അതിൽ പൂർണ്ണസംതൃപ്ത

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*

റാവൂ. അതിൽ കൂടുതൽ ആഗ്രഹിക്കാതിരിക്കൂ. അത്യാഗ്രഹി ആവാതിരിക്കൂ ഋഗ്വേദം 10.13.13). എല്ലാ ദിശകളിൽ നിന്നും അതിമഹത്തായ ചിന്തകൾ നമ്മി ലേക്ക് പ്രവേശിക്കുമാറാകട്ടെ (ഋഗ്വേദം 1.89.1).

# മദ്യപാനം ശരീരത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ

| ഉപഭോഗം | ശരീരത്തിലുണ്ടാവുന്ന മാറ്റങ്ങൾ |
|---|---|
| 50-100 മി.ലി | 1. തലച്ചോറ് മന്ദീഭവിക്കുന്നു<br>2. ജ്ഞാനേന്ദ്രിയങ്ങൾ മന്ദീഭവിക്കുന്നു<br>3. സംസാര വ്യക്തത കുറയുന്നു |
| 100-200 മി.ലി | 1. കാഴ്ച ശക്തി കുറയുന്നു<br>2. അശ്രദ്ധമായ ഭാവചലനങ്ങൾ<br>3. ശരീരത്തിന്റെ സന്തുലനം നഷ്ടമാവുന്നു<br>4. നടക്കാൻ കഴിയാതാവുന്നു |
| 200-300 മി.ലി | 1. ശരീരത്തിന്റേയും തലച്ചോറിന്റേയും നിയന്ത്രണം നഷ്ടമാവുന്നു.<br>2. വീണുപോകുന്നു.<br>3. മയക്കം, കാഴ്ച മങ്ങൽ എന്നിവ വരുന്നു.<br>4. ഉറങ്ങിപ്പോവുന്നു |
| 300-400 മി.ലി | 1. ഛർദ്ദിക്കുന്നു<br>2. അബോധാവസ്ഥയിലാവുന്നു |
| 400 ൽ കൂടുതൽ | മരണം സംഭവിക്കുന്നു |

*(തുടരും)*

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
**തർജ്ജമ: സൂരി**



**ഈ**ശ്വരൻ കാലത്തിന് അധീനനല്ല. അതുകൊണ്ട് ഭൂതകാലവും ഭാവികാലവുമൊന്നും ഈശ്വരന്റെ ജ്ഞാനത്തെ ബാധിക്കുന്നില്ല. ഈശ്വരന്റെ സമ്പൂർണ്ണ ജ്ഞാനം എപ്പോഴും വർത്തമാനത്തിലുള്ളതും തടസ്സപ്പെടാത്തതും സ്ഥിരമായതുമാണ്. ഈശ്വരന് ജീവാത്മാക്കളുടെ ഭവിഷ്യകാലകർമ്മത്തെപറ്റി അറിയുമായിരുന്നുവെങ്കിൽ തീർച്ചയായും നാം ആഗ്രഹിക്കാതെ തന്നെ ആ കർമ്മങ്ങൾ ചെയ്യുമായിരുന്നു. എങ്കിൽ ആ കർമ്മങ്ങളുടെ ഫലം ഈശ്വരൻ എങ്ങിനെ ആർക്ക് നൽകാൻ സാധിക്കും? മാത്രമല്ല, ആ കർമ്മങ്ങൾ ജീവാത്മാക്കൾ ചെയ്തില്ലായിരുന്നെങ്കിൽ ഈശ്വരന്റെ അറിവ് പരിമിതമായിപ്പോകുമായിരുന്നു. അതുകൊണ്ട് ഈശ്വരന്റെ അറിവ് വർത്തമാനത്തിലുള്ളതും തടസ്സപ്പെടാത്തതും സ്ഥിരമായതുമാണ് എന്ന വൈദിക സിദ്ധാന്തം തന്നെയാണ് ശരി. ജീവന്റെ കർമ്മം കൊണ്ടാണ് ഈശ്വരൻ അറിയുന്നത്. ഈശ്വരൻ അനാദികാലം മുതൽ തന്നെ എല്ലാ ജീവികളുടേയും കർമ്മത്തേപ്പറ്റി നല്ലതുപോലെ അറിയുന്നവനാണ്. തന്റെ മക്കളുടെ പ്രവൃത്തികൾ കണ്ട് അവർ ഭാവിയിൽ എന്തായിതീരുമെന്ന് മാതാപിതാക്കൾക്ക് കുറച്ചൊക്കെ അറിയാൻ സാധിക്കും. വിദ്യാർത്ഥികളുടെ എഴുത്തും വായനയും കണ്ട് ഗുരുജനങ്ങൾക്കും പറയാൻ സാധിക്കും ആ കുട്ടികൾ പരീക്ഷയിൽ എന്തൊക്കെ ചെയ്യും എന്ന്. തീർച്ചയായും ചിലപ്പോഴൊക്ക ഇതിനു വിരുദ്ധമായതു സംഭവിക്കുകയും നമ്മുടെ ഭവിഷ്യവാണികളെല്ലാം തെറ്റായിഭവിക്കുകയും ചെയ്യുന്നു. എന്നാൽ ഈശ്വരൻ അൽപജ്ഞനല്ല. സർവ്വജ്ഞനാണ്. അദ്ദേഹം കർമ്മഫലത്തിന്റെ വ്യവസ്ഥയെല്ലാം കൃത്യമായും ശരിയായും തന്നെയാണ് ചെയ്യുന്നത്. മൃത്യു എപ്പോൾ എവിടെ എങ്ങിനെ സംഭവിക്കും? ഈ പ്രശ്നം ഒരു പ്രശ്നമായിതന്നെ നിലനിൽക്കട്ടെ.

**ചോദ്യം 38: എങ്കിൽ മൃത്യുവിനേകുറിച്ചുള്ള ഈ ചോദ്യത്തിനുത്തരം ഈശ്വരന്റെ കയ്യിൽ ഇല്ലെന്നാണോ?**

ഉത്തരം: എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം സർവ്വജ്ഞനായ ഈശ്വരനറിയാം, കാരണം അദ്ദേഹത്തിന്റെ ജ്ഞാനം എല്ലായ്പ്പോഴും വർത്തമാനത്തിലുള്ളതും സ്ഥിരമായതും തടസ്സപ്പെടാത്തതുമാണ്. ഭാവിയെക്കുറിച്ചുള്ള കാര്യങ്ങൾ നമുക്ക് അറിയില്ല. ഭൂതകാലത്തെപറ്റി അറിയുന്നില്ല. നമ്മുടെ വർത്തമാനകർമ്മങ്ങൾ കൊണ്ടാണ് ഈശ്വരന്റെ ജ്ഞാനവും വർത്തമാനവും സ്ഥിരമായി നിൽക്കുന്നത്. അതായത് ജീവികളുടെ കർമ്മങ്ങളോടുകൂടി ചേരുമ്പോഴാണ് ഈശ്വരന് ത്രികാലജ്ഞത ഉണ്ടാകുന്നത്. അല്ലാതെ ഒറ്റക്കല്ല.

*(തുടരും)*

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

മഹർഷി ദയാനന്ദ സരസ്വതി
തർജ്ജമ: കെ.എം. രാജൻ

## ആറാം പ്രഭാഷണം (ജന്മ വിഷയം)



**ജ്ഞാ**നം എട്ടുപ്രകാരത്തിലുണ്ട്. പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, ഐതിഹ്യം, അർത്ഥാപത്തി, സംഭവം, അഭാവം എന്നിങ്ങനെ. ഇവയിൽ ഇന്ദ്രിയങ്ങളാൽ ലഭിക്കുന്ന പ്രത്യക്ഷ ജ്ഞാനം വളരെ പരിമിതമാണ്. അവ്യഭിചാരി, അവ്യപദേശി, നിശ്ചിതം എന്നിങ്ങനെയുള്ള ജ്ഞാനങ്ങൾ പ്രത്യക്ഷരൂപത്തിൽ ഒരിക്കലും ലഭിക്കില്ല.

ഇതിന് രണ്ടാമത്തെ ജ്ഞാനസാധനത്തെ അവലംബിക്കണം. ഉദാഹരണത്തിന് ഒരാൾക്ക് അസുഖം വന്നു. വൈദ്യർ അടുത്തെങ്ങുമില്ലതാനും. എന്തുകൊണ്ടാണ് തനിക്കീരോഗം വന്നത് എന്നത് അറിയാൻ കഴിയുന്നില്ല. എങ്കിൽ രോഗനിവാരണം എങ്ങിനെ ചെയ്യാനൊക്കും? രോഗിക്ക് ഈ ജ്ഞാനമില്ല എന്നതുകൊണ്ട് അയാൾക്ക് രോഗമില്ല എന്നർത്ഥമാക്കാമോ? എന്തെന്നാൽ കാരണമില്ലാതെ ഒരു കാര്യവുമുണ്ടാകുന്നില്ല. അതിനാൽ ഈ രോഗത്തിനും എന്തെങ്കിലും കാരണം നിശ്ചയമായും കാണും എന്നനുമാനിക്കണം. രോഗിക്ക് കാരണത്തേകുറിച്ച് കേവലജ്ഞാനമില്ലാ എന്നതുകൊണ്ട് രോഗത്തിന് കാരണമില്ല എന്ന് സിദ്ധിക്കുന്നില്ല. പരിശോധനയിലൂടെ വൈദ്യർ ഇന്നയിന്ന കാരണങ്ങളാലാണീ രോഗം പിടിപെട്ടത് എന്നനുമാനിച്ച് അതിന്റെ അടിസ്ഥാനത്തിൽ വേണ്ടുന്ന യഥാവിധി ചികിത്സ നടത്തും. ഈ വസ്തുത നാം അംഗീകരിച്ചേ പറ്റൂ. അനുമാനപ്രമാണത്തിന്റെ ഗുണമാണിത്.

പരമാത്മാവ് ന്യായകാരിയും പക്ഷപാതരഹിതനുമാണെന്ന് എല്ലാവരും അംഗീകരിക്കുന്നു. അങ്ങനെയുള്ള ന്യായകാരിയായ ഈശ്വരന്റെ സൃഷ്ടിയിൽ ജനങ്ങളിൽ സുഖ ദുഃഖങ്ങൾ വളരെ വ്യത്യസ്തമായി കാണപ്പെടുന്നു. ഈ വിഷയത്തിന് ഒരുദാഹരണം നോക്കാം. ഒരേ മാതാപിതാക്കൾക്കുണ്ടാവുന്ന രണ്ടു പുത്രന്മാർ രണ്ടുപേരും ഒരേ ഗുരുവിൻ കീഴിൽ വിദ്യ അഭ്യസിക്കുകയും ഒരേ പോലുള്ള പരിസ്ഥിതിയിൽ വളരുകയും ചെയ്യുന്നു. ഇവരിൽ ഒരാൾ ഉത്തമബുദ്ധിശക്തിയുള്ള വലിയ പണ്ഡിതനായിതീരുന്നു. രണ്ടാമൻ മറവിക്കാരനും മണ്ടനുമായിതീരുന്നു. ഇതിന്റെ കാരണമെന്താണ്? ഈ ജന്മത്തിലെ കാരണങ്ങളാലല്ലാ ഈ ബുദ്ധിഭേദം വന്നത്. ഇത്രയും വൈജാത്യം ഈശ്വരൻ നൽകിയതാണ് എന്ന് പറയുകയാണെങ്കിൽ അദ്ദേഹം പക്ഷപാതിയാണെന്നുവരും. ഈശ്വരനല്ലാ ഇതിനു കാരണക്കാരൻ എന്നാണെങ്കിൽ ഈ വൈജാത്യം എങ്ങിനെ വന്നു. ഇത് മുൻജന്മാർജ്ജിതമാണെന്ന് അംഗീകരിക്കേണ്ടിവരും. പൂർവ്വജന്മാർജ്ജിതമായ പാപ - പുണ്യ ഫലങ്ങളുടെ ഫലാനുസാരമാണ് ഈ വൈജാത്യങ്ങളുണ്ടാകുന്നത് എന്നംഗീകരിക്കുകയല്ലാതെ മറ്റു പോംവഴികളൊന്നുമില്ല.

*(തുടരും)*

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരു ഘോഷയാത്ര

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 3



"**നീ**യെന്താ മിച്ചവാരം തീർക്കാത്തത്?" മൂപ്പിന്ന് ഗൗരവഭാവത്തിൽ ചോദിച്ചു.

"പാടത്തെ വെള്ളക്കെടുതി തീർക്കാൻ തോടിന്റെ കേടുവന്ന തടയണ പുതുക്കിപ്പണിയാനും പിന്നെ........" രാവുണ്ണിയൊന്നുപരുങ്ങി, വാചകം മുഴുമിക്കാതെ കക്ഷത്തിൽ നിന്ന് തോർത്തെടുത്ത് മുഖത്തെ വിയർപ്പുതുടച്ചു.

"ഊം, പറഞ്ഞോ, പേടിക്കേണ്ട. സത്യം പറയണം, പൊളി പറഞ്ഞാൽ ഞാൻ സമ്മതിക്കില്ല." തമ്പുരാൻ താക്കീതിന്റെ സ്വരത്തിൽ കൽപ്പിച്ചു.

"പിന്നെ....അട്യേനു മൂന്നാലു പെൺകുട്ട്യോളാ, അതിന്റെ ഇടേല് ഒരാണേയുള്ളു. അവന് ഒന്നൊന്നുമായിട്ടില്ല. ഒരു വിധം തരക്കേടില്ലാ എന്നുതോന്നിയപ്പോൾ അവരെ കെട്ടിച്ചു കൊടുത്തു. അതിൽ അട്യോന്റെ ബുദ്ധികൊണ്ട് നിരീച്ചതിൽ അധികം സ്ത്രീധനവും പണ്ടവും മറ്റുമായി. പൊറുക്കണം. ബട്ത്തേപ്പോലൊരു ബ്രാഹ്മണന്റെ മുമ്പിൽ സത്യമല്ലാതെ പൊളിപറയില്ല അട്യേൻ. ഇത് നേരാണ്. ഈശ്വരനാണ് സത്യം. രാവുണ്ണി കണ്ണീരൊഴിക്കികൊണ്ട് സാഷ്ടാംഗം നമസ്കരിച്ചെഴുന്നേറ്റു തൊഴുത് കുനിഞ്ഞുനിന്നു."

"ഉത്തരവാദിത്തമെല്ലാം തീർന്നൂലോ. നന്നായി. കയ്യിലെന്തുണ്ടിപ്പോൾ?" തമ്പുരാൻ സഗൗരവമാരാഞ്ഞു."

"1000 ത്തോളം പണ്ടം പണയംവെച്ച് കൊണ്ടുവന്നിട്ടുണ്ട്." നോട്ടുകൾ മുന്നിൽ വെച്ച് താണു തൊഴുതു.

"ഓ, ഹോ. ബലെ. നന്നായി 2800 രൂപയിലേക്ക് ഇത് പകുതി കൂടി ആയില്ലല്ലോ. അതുകൊണ്ട് ഈ പണം കൊണ്ടുപോയി ബാങ്കിലെ കടം തീർക്ക്. എനിക്കോ കടക്കാരനായി ഭവിച്ചുപോയി നിയ്. നിയമം കൊണ്ട് ഇനി ബാങ്കിലും വേണ്ടാലോ. അവർ കണിശക്കാരാണ്. ഇപ്പോ പൊയ്ക്കോ. ഇനി ബാക്കിവരാതെ സൂക്ഷിക്കണം. ഞാനെന്നും ഉണ്ടാവില്യാട്ടോ. അങ്ങിനെ വല്ല ബുദ്ധിമുട്ടും വന്നാൽ മേലാലിവിടെവന്ന് ആലോചിട്ടേ എന്തെങ്കിലും കാട്ടാവൂ. ഞാനുള്ളിടത്തോളം കാലം നിശ്ചയം. പിന്നെത്തെ കഥ തലമുറയുടെ കയ്യിലാണ്." തമ്പുരാൻ ഉപദേശിച്ചാശ്വസിപ്പിച്ച് രാവുണ്ണിയെ യാത്രയാക്കി.

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർ ദളം – ബാലപംക്തി

ആര്യവീരഗാഥ – 1

# മഹർഷി ദയാനന്ദസരസ്വതി

നചികേതസ്



## കാശി ശാസ്ത്രാർത്ഥം

**ബാ**ലശാസ്ത്രിയും ഈ ചോദ്യത്തിനുമുന്നിൽ മൗനിയായി. അപ്പോൾ കോലാഹല പ്രിയരായ പൗരാണികപണ്ഡിതർ തങ്ങളുടെ കുറവുകൾ മാനിക്കാതെ കൂട്ടമായി നിരവധി ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി. വേദത്തിൻ പ്രതിമാ എന്ന ശബ്ദമുണ്ടോ?

**ദയാനന്ദൻ:** ഉണ്ട്

**പണ്ഡിതർ** : വേദത്തിലെവിടേയാണത്?

**ദയാനന്ദൻ** : സാമവേദിയ ബ്രാഹ്മണത്തിലൊരിടത്താണത്

**പണ്ഡിതർ**: വേദത്തിൽ 'പ്രതിമാ' ശബ്ദമുണ്ടായിട്ടും താങ്കൾ വിഗ്രഹാരാധനയെ ഖണ്ഡിക്കുന്നത് എന്തുകൊണ്ടാണ് ?

**ദയാനന്ദൻ** : ആ 'പ്രതിമ' എന്നതിന്റെ അർത്ഥം പാഷാണാദിവിഗ്രഹങ്ങൾ എന്നല്ല. ഇതുപറഞ്ഞദ്ദേഹം സാമവേദീയ ബ്രാഹ്മണാന്തർഗതമായ 'അത്ഭുത ശാന്തി പ്രകരണ'ത്തിലെ ആ പദം വന്നതിന്റെ അർത്ഥം സ്പഷ്ടമാക്കികൊടുത്തു. ഇതുകേട്ട് പണ്ഡിതർ രോഷാകുലരായി. വിശുദ്ധാനന്ദൻ ഉടനെ പറഞ്ഞു. "വേദങ്ങൾ ഉൽപ്പന്നമായത് എവിടെനിന്നാണ്?"

**ദയാനന്ദൻ**: ഈശ്വരനിൽ നിന്ന്

**വിശുദ്ധാനന്ദൻ**: വേദങ്ങൾക്ക് ഈശ്വരനുമായുള്ള ബന്ധം എപ്രകാരമുള്ളതാണ്?

**ദയാനന്ദൻ**: ഈശ്വരനുമായി വേദത്തിന് കാര്യ - കാരണ - ഭാവസംബന്ധമാണുള്ളത്.

**വിശുദ്ധാനന്ദൻ**: എങ്ങിനെയാണോ, സൂര്യൻ അഥവാ മനസ്സിൽ ബ്രഹ്മബുദ്ധിപൂർവ്വം ഉപാസന ചെയ്യുന്നത്. അതേപോലെ സാളഗ്രാമത്തിൽ ഈശ്വരന്റെ ഭാവന ചെയ്ത് ഉപാസന ചെയ്യുന്നതിലെന്താണ് ദോഷം?

**ദയാനന്ദൻ**: മനസ്സിൽ ബ്രഹ്മബുദ്ധിപൂർവ്വം ഈശ്വരോപാസന ചെയ്യുന്നതിന് വേദവിധിയുണ്ട്. എന്നാൽ പാഷാണദികളുടെ പൂജകൾക്കല്ലിത്.

ഇപ്രകാരം ശാസ്ത്രാർത്ഥം തുടർന്നു. അവസാനത്തിൽ മാധവാചാര്യർ രണ്ടു താളിയോലകൾ മുന്നോട്ട് വച്ചിട്ട് പറഞ്ഞു. "യജ്ഞത്തിന്റെ സമാപ്തിയിൽ പത്താംദിനത്തിൽ യജമാനൻ പുരാണങ്ങളുടെ ശ്രവണം ചെയ്യുന്നതായി ഇതിൽ പറയുന്നുണ്ട്. ഇവിടെ പുരാണമെന്നതിനെ എന്താണർത്ഥമാക്കുന്നത്."

സ്വാമിജി ആ രണ്ടു താളിയോലകളെടുത്ത് വായിക്കാനാരംഭിച്ചു. അഞ്ചുനിമിഷം കഴിയുന്നതിനുമുമ്പ് തന്നെ വിശുദ്ധാനന്ദൻ എണീറ്റ് പറഞ്ഞു. "ഞങ്ങൾ കൂടുതൽ സമയം താങ്കൾക്ക് നൽകില്ല. ഞങ്ങൾ പോവുകയാണ്. കുറച്ചുസമയത്തിനുവേണ്ടി ബാക്കി വിഷയം പൂർത്തിയാക്കാതെ പോകുന്നത് താങ്കളെ പ്പോലുള്ള പണ്ഡിതന്മാർക്ക് യോജിച്ചതല്ല. എന്നാൽ വിശുദ്ധാനന്ദനത് ചെവികൊണ്ടില്ല."മറ്റു പണ്ഡിതന്മാരും എഴുന്നേറ്റു നിന്ന് കാശിരാജാവിനോട് ചേർന്ന് സ്വാമി ദയാനന്ദൻ പരാജിതനായെന്ന് പ്രഖ്യാപിച്ചു.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

# സ്വാമി ശ്രദ്ധാനന്ദൻ

സാധ്വി സരോജിനി സരസ്വതി



## ശ്രദ്ധാനന്ദന്റെ സ്വഭാവശുദ്ധി

സ്വാമി ശ്രദ്ധാനന്ദന്റെ നേതൃത്വത്തിൽ നടക്കുന്ന സേവാ പ്രവർത്തനകാര്യങ്ങൾ ആഫ്രിക്കയിൽ കഴിയുന്ന ഭാരതീയർക്ക് വേണ്ടി സേവനം അനുഷ്ഠിക്കുന്ന ഗാന്ധിജിയെ ഗുരുകുലത്തിലേക്ക് ആകർഷിച്ചു. 1913 ൽ ഗാന്ധിജി ആഫ്രിക്കയിലെ ഭാരതീയരുടെ അധികാരങ്ങൾക്ക് വേണ്ടി സത്യാഗ്രഹം ആരംഭിച്ചപ്പോൾ ഗുരുകുലത്തിലെ വിദ്യാർത്ഥികൾ കടുത്തതണുപ്പിലും കഠിന പ്രയത്നം ചെയ്ത് 1500 രൂപ സമ്പാദിച്ച് ആഫ്രിക്കയിലെ സമരത്തെ സഹായിക്കുന്ന കമ്മിറ്റിയുടെ തലവനായ ഗോപാലകൃഷ്ണ ഗോഖലയെ ഏല്പിച്ചു. അതു വാങ്ങി സന്തുഷ്ടനായ ഗോഖലെ മുൻഷിറാമിനെ തന്റെ കത്തിലൂടെ അഭിനന്ദിച്ചു.

ബ്രഹ്മചാരികളുടെ ഈ ത്യാഗവും സേവനമനോഭാവവുമാണ് മഹാത്മാഗാന്ധിയെ മഹാത്മാമുൻഷിറാമിന്റെ ഗുരുകുലത്തിലേക്ക് എത്തിച്ചത്.

ഗുരുകുലത്തിലെ ബ്രഹ്മചാരികൾ ഹരിദ്വാറിൽ വന്ന ഗാന്ധിജിക്ക് അഭിനന്ദനം സമർപ്പിച്ചു. ആ അഭിനന്ദന പത്രത്തിലാണ് ആദ്യമായി ഗാന്ധിജിയെ "മഹാത്മാ" എന്ന് വിശേഷിപ്പിച്ചത്. അതു തന്നെ ഇന്നും പേരിനോട് ചേർത്ത് ഉപയോഗിക്കുന്നു.

## ആദർശയോഗിയായ നേതാവ്

സ്വാമി ശ്രദ്ധാനന്ദൻ തന്റെ അവസാന പുസ്തകമായ "മുക്തി സോപാന"ത്തിൽ നേതാവ് എങ്ങനെയായിരിക്കണം എന്നൊരു ലേഖനം എഴുതിയതിന്റെ മുഖ്യഭാഗം ഇങ്ങനെ ആണ്: -

**ത്വം സോമക്രതുഭിഃ സുക്രതുഃ ഭൂസ്ത്വം ദക്ഷൈഃ സുദക്ഷോ വിശ്വവേദാഃ |**

**ത്വം വൃഷാ വൃഷത്വേഭിർ മഹിത്വാ ദ്യുമ്നേഭിർദ്യുമന്യ ഭവോനൃചക്ഷാഃ ||**

(ഋ. വേ 1/91/2)

അതായത് ഹെ സൗമ്യഗുണവാനായ നേതാവേ ! നിങ്ങൾ കർമ്മ വീരന്മാരിൽ ശ്രേഷ്ഠ കർമ്മവീരനും ബുദ്ധി നിപുണരിൽ ശ്രേഷ്ഠബുദ്ധിയുടെ സ്വാമിയും എല്ലാ വിദ്യാകളാലും സുശോഭിതനുമാകുമ്പോൾ മാത്രമേ നിങ്ങൾ ഉത്തമഗുണങ്ങൾ ചൊരിയുന്നവനായും കീർത്തിമാന്മാരിൽ കീർത്തിമാനായും മനുഷ്യരിൽ ദർശന യോഗ്യനായും തീരുകയുള്ളു. അതിനാൽ നിങ്ങൾ ഈ ഗുണങ്ങൾ സമ്പാദിക്കൂ.

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

എത്രയേറെ പറഞ്ഞ് മനസ്സിലാക്കിയാലും ജനങ്ങൾ നേതാക്കന്മാരുടെ പിന്നാലെയേ പോവുകയുള്ളു. നേതാവ് അവരെ മുതലെടുത്ത് നശിപ്പിച്ചെന്ന് വരാം. അതല്ലാ അവരെ അവരുടെ ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചെന്ന് വരാം. എന്നാലും അവരുടെ പിന്നാലെ പായുന്ന ലോകമാണിപ്പോഴുള്ളത്. അതിനാൽ ജനങ്ങളെ ഉപദേശിച്ചിട്ട് ഫലമില്ല എന്ന് മനസ്സിലാക്കി ഈശ്വരൻ നേതാക്കന്മാരെയാണ് ഉപദേശിച്ചിരിക്കുന്നത്.

## ഈശ്വരനിൽ ഉറച്ച വിശ്വാസവും ശ്രദ്ധയും

ശ്രദ്ധാനന്ദൻ ഈശ്വരനിൽ ഉറച്ച വിശ്വാസമുള്ളവനായിരുന്നു. മഹർഷിവ്യാസൻ യോഗദർശന ഭാഷ്യത്തിൽ പറഞ്ഞിരിക്കുന്ന ശ്രദ്ധ തന്നെയാണ് സ്വാമിയിലും ഉണ്ടായിരുന്നത്. അദ്ദേഹം സന്യാസം സ്വീകരിച്ചത് 1917 ഏപ്രിൽ 10 നായിരുന്നു. വ്യാസൻ പറഞ്ഞതനുസരിച്ചുള്ള - "സാഹജനനീവ കല്യാണീയോഗിനം പാതി" അനുസരിച്ച് "എനിക്ക് ലഭിച്ച ആനന്ദം കൊണ്ടാണ് ശ്രദ്ധാനന്ദൻ എന്ന് പേര് സ്വീകരിച്ചത്" എന്ന് സ്വാമി പറഞ്ഞിട്ടുണ്ട്.

"യഥാനാമം തഥാഗുണാഃ" എന്ന ചൊല്ല് സ്വാമി ശ്രദ്ധാനന്ദനേക്കാൾ കൂടുതലായി വളരെ കുറച്ച് പേർ മാത്രമേ ചാരിതാർത്ഥമാക്കിയിട്ടുള്ളൂ. സ്വാമിയുടെ ഗുണങ്ങൾ എല്ലാവരും പ്രശംസിച്ചതല്ലാതെ ആ ശ്രദ്ധയെ സ്വായത്തമാക്കുവാൻ ശ്രമിച്ചില്ല എന്ന് ഖേദപൂർവ്വം പറയട്ടെ.

അദ്ദേഹത്തിന്റെ ജീവിതം ഒരു തപശ്ചര്യയായിരുന്നു. അസത്യവുമായി സന്ധി ചെയ്തിട്ടില്ല. അന്തരാത്മാവിന് വിരുദ്ധമായും ഒന്നും ചെയ്തിട്ടില്ല. സരളത, സത്യനിഷ്ഠ, സ്പഷ്ടവാദിത ഇവ അദ്ദേഹത്തിന്റെ ഗുണങ്ങളായിരുന്നു.

1919 ഏപ്രിൽ നാലിന് ഡൽഹിയിലെ ജുമാമസ്ജിദിൽ നിന്ന് മുസൽമാൻ സഹോദരങ്ങളുടെ നിമന്ത്രണമനുസരിച്ച് ഒരു വിശാലസഭയെ അഭിസംബോധനം ചെയ്തത്:-

**ഓം ത്വം ഹി നഃ പിതാ വസോ ത്വം മാതാ ശതക്രതോ ബഭൂവിഥ |**

**അഥാ തേ സുമ്നമീമഹേ ||** **(ഋഗ്വേദം 8/98/11)**

എന്ന വേദമന്ത്രം ചൊല്ലിക്കൊണ്ട് പ്രസംഗം ആരംഭിക്കുകയും ഓം ശാന്തിഃശാന്തിഃ ശാന്തിഃ എന്ന് പറഞ്ഞ് അവസാനിപ്പിക്കുകയും ചെയ്തു. അന്നത്തെ ജനങ്ങളുടെ ഐക്യമനോഭാവത്തെയാണിത് കാണിക്കുന്നത്. അതിന് മുൻപോ അതിന് ശേഷമോ, മുസ്ലീമല്ലാത്ത ഒരാളിന് ജുമാമസ്ജിദിൽ ഉപദേശം നൽകാനുള്ള അവസരം കൊടുത്തിട്ടില്ല. സ്വാമി ശ്രദ്ധാനന്ദൻ ഹിന്ദുക്കളെപ്പോലെ തന്നെ മുസ്ലീങ്ങളുടെ ഹൃദയത്തിലും സ്ഥാനം പിടിച്ചിരുന്നു എന്നതിന് തെളിവാണിത്. ഹിന്ദുക്കളോടും മുസ്ലീങ്ങളോടും കോൺഗ്രസ്സിനോടും ഒക്കെ ചേർന്ന് പ്രവർത്തിച്ചിട്ടും അദ്ദേഹം തന്റെ സിദ്ധാന്തങ്ങളേയും തന്റെ വ്യക്തിത്വത്തേയും പരിത്യജിച്ചില്ല എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/10/2015

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2014-16

**വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!**
ദയാനന്ദ സന്ദേശം വൈദിക മാസിക

# ദയാനന്ദ സന്ദേശം വൈദിക മാസിക

## സത്യ – സനാതന – വൈദികധർമ്മ സന്ദേശം!

അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ
വൈദിക സിംഹഗർജ്ജനം!
ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!

**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**

**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**
**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
Email: dayanandasandesam@gmail.com

ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ
ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan
Email: dayanandasandesam@gmail.com Phone: 9562529095